**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 964** **30-06-2022 - ൽ മറുപടിയ്ക്ക്**

**വന്യ മൃഗങ്ങളുടെ ആക്രമണങ്ങൾക്ക് ഇരയാകുന്ന പട്ടിക വിഭാഗക്കാർക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. അബ്ദുൽ ഹമീദ് പി</td><td colspan="2">ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>സംസ്ഥാനത്ത് വന്യമൃഗങ്ങളുടെ ആക്രമണങ്ങൾക്ക് ഇരയാകുന്ന പട്ടിക വിഭാഗകാർക്ക് വനം വകുപ്പ് നടപ്പാക്കുന്ന ഇൻഷ്വറൻസ് പരിരക്ഷ നിലവിൽ ഉണ്ടോ;</td><td>(എ)</td><td>വനത്തിനുള്ളിലും വനാതിർത്തികളിലും താമസിക്കുന്ന പട്ടകജാതി/പട്ടിക വർഗ്ഗ വിഭാഗക്കാർക്കും വനാതിർത്തിയോട് ചേർന്ന് താമസിക്കുന്ന മറ്റ് വിഭാഗത്തിൽപ്പെട്ട വനാശ്രിതരും ഉൾപ്പെടെയുള്ളവർക്കാണ് ഇൻഷ്വറൻസ് പരിരക്ഷ നടപ്പിലാക്കിയിട്ടുള്ളത്. ഇൻഷ്വറൻസ് പദ്ധതിയുടെ കാലാവധി 25.09.2021 വരെയായിരുന്നു. ആയത് പുതുക്കി നൽകുന്നതിനുള്ള അനുമതിയ്ക്കായി സർക്കാരിലേയ്ക്ക് സമർപ്പിച്ച അപേക്ഷ പരിശോധിച്ച് വരികയാണ്.</td></tr>
<tr><td>(ബി)</td><td>പ്രസ്തുത ഇൻഷ്വറൻസ് പരിരക്ഷ നിർത്തലാക്കിയതിന്റെ കാരണം വ്യക്തമാക്കാമോ;</td><td>(ബി)</td><td>വനത്തിനുള്ളിലും വനാതിർത്തികളിലും താമസിക്കുന്ന പട്ടകജാതി/പട്ടിക വർഗ്ഗ വിഭാഗക്കാർക്കും വനാതിർത്തിയോട് ചേർന്ന് താമസിക്കുന്ന മറ്റ് വിഭാഗത്തിൽപ്പെട്ട വനാശ്രിതരും ഉൾപ്പെടെയുള്ളവർക്കാണ് ഇൻഷ്വറൻസ് പരിരക്ഷ നടപ്പിലാക്കിയിട്ടുള്ളത്. ഇൻഷ്വറൻസ് പദ്ധതിയുടെ കാലാവധി 25.09.2021 വരെയായിരുന്നു. ആയത് പുതുക്കി നൽകുന്നതിനുള്ള അനുമതിയ്ക്കായി സർക്കാരിലേയ്ക്ക് സമർപ്പിച്ച അപേക്ഷ പരിശോധിച്ച് വരികയാണ്.</td></tr>
<tr><td>(സി)</td><td>ഇൻഷ്വറൻസ് കാലയളവിനു ശേഷം പുതുക്കി നൽകാത്ത കാലഘട്ടത്തിൽ വന്യമൃഗങ്ങളുടെ ആക്രമണങ്ങൾക്ക് ഇരയായ പട്ടിക വിഭാഗക്കാരുടെ വിശദാംശങ്ങൾ നൽകാമോ;</td><td>(സി)</td><td>ഇൻഷ്വറൻസ് കാലയളവിന് ശേഷം പുതുക്കി നൽകാത്ത കാലഘട്ടത്തിൽ നമൃഗങ്ങളുടെ ആക്രമണങ്ങൾക്കിരയായ പട്ടിക വിഭാഗക്കാരുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>
<table>
<tr><th>വനം ഡിവിഷൻ</th><th>വന്യജീവി ആക്രമണത്തിന് ഇരയായവരുടെ എണ്ണം</th></tr>
<tr><td>തിരുവനന്തപുരം</td><td>5</td></tr>
<tr><td>മൂന്നാർ</td><td>1</td></tr>
<tr><td>ചാലക്കുടി</td><td>1</td></tr>
<tr><td>മലയാറ്റൂർ</td><td>1</td></tr>
<tr><td>നിലമ്പൂർ</td><td>1</td></tr>
</table></td></tr>
</table>

| | | | |
|---|---|---|---|
| | | | <table><tr><td>സൗത്ത്</td><td></td></tr><tr><td>മണ്ണാർക്കാട്</td><td>1</td></tr><tr><td>നെൻമാറ</td><td>1</td></tr><tr><td>വയനാട് (സൗത്ത് & നോർത്ത്)</td><td>4</td></tr><tr><td>വയനാട് WL</td><td>1</td></tr><tr><td>ഇടുക്കി WL</td><td>2</td></tr><tr><td>ആകെ</td><td>18</td></tr></table> |
| (ഡി) | പ്രസ്തുത ഇൻഷുറൻസ് പരിരക്ഷ തുടർന്നും നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ? | (ഡി) | സംസ്ഥാനത്ത് വന്യമൃഗ ആക്രമണങ്ങൾക്ക് ഇരയാകുന്ന പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കുള്ള ഇൻഷുറൻസ് പദ്ധതിയുടെ കാലാവധി 25.09.2021 വരെയാണ്. ആയത് പുതുക്കി നൽകുന്നതിനായുള്ള അനുമതിയ്ക്കായി സർക്കാരിലേയ്ക്ക് സമർപ്പിച്ച അപേക്ഷ പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ